മഹാകവി ജി. ശങ്കരക്കുറുപ്പിന്റെ ആത്മകഥ

# ഓർമ്മയുടെ ഓളങ്ങളിൽ



dcb

ഓർമ്മയുടെ ഓളങ്ങളിൽ

ജി. ശങ്കരക്കുറുപ്പിന്റെ ആത്മകഥ • രണ്ടുഭാഗങ്ങളു

dcb

CASMTVK
920 SAN/O
1317

## ഓർമ്മയുടെ ഓളങ്ങളിൽ

രണ്ടുഭാഗങ്ങളും ഒന്നിച്ച്



മഹാകവി ജി. ശങ്കരക്കുറുപ്പിന്റെ ആത്മകഥ
ഒരു കാലഘട്ടത്തിന്റെ അനുരണനങ്ങളെ
ഒപ്പിയെടുത്ത്, സ്വന്തം ജീവിതവും
കാവ്യജീവിതവും അടയാളപ്പെടുത്തുകയാണ് കവി.
ഭൂതകാലത്തിന്റെ നന്മകളിലേക്കുള്ള യാത്രയായും
ഈ കൃതിയെ വിലയിരുത്താം.
ആത്മകഥാ സാഹിത്യത്തിൽ ഒറ്റനക്ഷത്രമായി
തെളിഞ്ഞുനിൽക്കുന്ന സാഹിത്യകൃതി.

കവർ ഡിസൈൻ: ഡിസൈൻ ഡിഫറൻസ്

ഡിസി ബുക്സ്

www.dcbooks.com

ആത്മകഥ

9 788126 465958 00001

E-book available

₹395

920 SAN/O
CASMTVK
1317

Library TVK

College Of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu-678 601

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 1317 Call No. ~~1337~~ ~~1228~~ 1317

This book should be returned on or before the date last given below.

| | | |
|---|---|---|
| | | |

## ജി. ശങ്കരക്കുറുപ്പ്
## (1901–1978)

1901 ജൂൺ 3–ന് എറണാകുളം ജില്ലയിൽ കാലടിക്കടുത്ത് (നായത്തോട്) ജനിച്ചു. അച്ഛൻ നെല്ലിയ്ക്കാപ്പിള്ളി ശങ്കരവാര്യർ. അമ്മ ലക്ഷ്മിക്കുട്ടി അമ്മ. പ്രാഥമിക വിദ്യാഭ്യാസം നായത്തോട് പ്രൈമറി സ്കൂളിൽ. പിന്നീട് പെരുമ്പാവൂർ, ആലുവ, മൂവാറ്റുപുഴ എന്നിവിടങ്ങളിൽ സ്കൂൾ പഠനം. 1919–ൽ *പണ്ഡിതൻ* പരീക്ഷ ജയിച്ച് തിരുവില്വാമല സ്കൂളിൽ ഭാഷാദ്ധ്യാപകനായി. അവിടെ സഹപ്രവർത്തകരുടെ സഹായത്തോടെ ഇംഗ്ലിഷ് പഠിച്ചു. ചാലക്കുടി ഹൈസ്കൂളിൽ അദ്ധ്യാപകനായിരിക്കുമ്പോൾ *വിദ്വാൻ* പരീക്ഷ പാസ്സായി. 1927–ൽ തൃശൂർ രാമവർമ്മ ഇൻസ്റ്റിറ്റ്യൂട്ടിൽ അദ്ധ്യാപകനായി. 1931–ൽ പി. സുഭദ്രാമ്മയെ വിവാഹം ചെയ്തു. 1937–ൽ എറണാകുളം മഹാരാജാസ് കോളജിലെ മലയാളപണ്ഡിതനായി. 1956–ൽ ജോലിയിൽനിന്നും വിരമിച്ചു. ആകാശവാണി തിരുവനന്തപുരം നിലയത്തിൽ ഒരു വർഷം പ്രൊഡ്യൂസർ ആയും പിന്നീട് ഉപദേഷ്ടാവായും ജോലി ചെയ്തു. 1945 മുതൽ 1957 വരെ സാഹിത്യപരിഷത് മാസികയുടെ പത്രാധിപർ ആയിരുന്നു. കേരള സാഹിത്യ അക്കാദമി, സാഹിത്യ പരിഷത്ത് തുടങ്ങിയവയുടെ അദ്ധ്യക്ഷനായും പ്രവർത്തിച്ചു. 1968–ൽ രാജ്യസഭാംഗമായി. *ഓടക്കുഴൽ* എന്ന കാവ്യസമാഹാരം പ്രഥമ ജ്ഞാനപീഠ പുരസ്കാരത്തിന് (1965) അർഹമായി, കേരള–കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ, സോവിയറ്റ് ലാൻഡ് നെഹ്റു അവാർഡ് തുടങ്ങിയ ബഹുമതികളും നേടി. ഇംഗ്ലിഷ്, റഷ്യൻ, ഇറ്റാലിയൻ തുടങ്ങിയ വിദേശഭാഷകളിലും മിക്ക ഭാരതീയഭാഷകളിലും ജി.യുടെ കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 1978 ഫെബ്രുവരി 2–ന് നിര്യാതനായി.

ജി.യുടെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

*കവിത*
ജി.യുടെ കവിതകൾ (സമ്പൂർണ്ണം)
ജി.യുടെ തിരഞ്ഞെടുത്ത കവിതകൾ
ജി.യുടെ കുട്ടിക്കവിതകൾ
ഓടക്കുഴൽ

*വിവർത്തനം*
ഗീതാഞ്ജലി

*ആത്മകഥ*
ഓർമ്മയുടെ ഓളങ്ങളിൽ

ജി. ശങ്കരക്കുറുപ്പ്

# ഓർമ്മയുടെ ഓളങ്ങളിൽ

(രണ്ടു ഭാഗങ്ങളും ഒന്നിച്ച്)

ഡി സി ബുക്സ്

## ഉള്ളടക്കം


1. നാടും കൂടും ..... 19
2. സരസ്വതീപൂജ ..... 32
3. നിറഞ്ഞ കണ്ണുകൾ ..... 48
4. ഏടു കെട്ടിയില്ല ..... 63
5. ഇരിക്കാൻ ഒരു കൊമ്പുതേടി ..... 84
6. മുൻപോട്ട് ..... 101
7. പന്തിനുണ്ടോ സ്വേച്ഛാവൃത്തി ..... 108
8. പുതിയ പരിസരം ..... 114
9. ഒരു തുളസിയില ..... 120
10. കൗതുകത്തിന്റെ കളിത്തൊട്ടിൽ ..... 127
11. ആശാൻ, മഴവില്ല് ..... 149
12. ചാലക്കുടിയിൽ ..... 153
13. നയീ ദില്ലി ..... 188
14. ഒന്നാം സാഹിത്യപരിഷത്ത് ..... 193
15. ചെറിയ കൂട് ..... 205
16. തൃശ്ശിവപേരൂർ ..... 211
17. പിന്നത്തെ വസന്തം ..... 214
18. സ്വാതന്ത്ര്യസമരത്തിന്റെ ഒലി ..... 230
19. സാഹിത്യതീർത്ഥയാത്ര ..... 239
20. സാഹിത്യാമോദം ..... 244
21. ഒരു ലിറിക്കും ഒരു ഓഡും ..... 249
22. സ്വാതന്ത്ര്യസമരവും സുഹൃത്തുക്കളും ..... 258
23. അപൂർണ്ണമായ ഒരു കവിത ..... 263
24. വസന്തവും വന്നുചേർന്നു ..... 270

ഭാഗം 2
1. ഖദർസാരി ..... 287
2. പൂവിന്റെ വികാസവും ഫലത്തിന്റെ സ്വാദും ..... 290
3. ഒരു കവി ഉയർന്നുവരുന്നു ..... 291
4. ഭാവനയിലൂടെ ആത്മീയസാധന ..... 296
5. ആദ്യവിരഹം ..... 299
6. പത്രാധിപത്യവും പാഠപുസ്തകരചനയും ..... 301
7. ഗീതകങ്ങൾ ..... 303
8. കുഞ്ഞിക്കവിതകൾ ..... 304
9. ഇന്നു ഞാൻ, നാളെ നീ ..... 306
10. കടിഞ്ഞൂൽപ്രസവം ..... 309

11. പാഠപുസ്തകവും പിണക്കങ്ങളും ........ 310
12. കേസരിയുടെ സത്യസന്ധമായ വിമർശനം ........ 312
13. വിട്ടുപോയ കണ്ണികൾ ........ 315
14. പാസ്ചറൽ പോയട്രി ........ 318
15. ദ്രാവിഡവൃത്തങ്ങളും രൂപദാർഢ്യവും ........ 321
16. സാഹിത്യത്തിനു ഫ്യൂഡലിസത്തിൽ നിന്നു മോചനം ........ 322
17. ഇരുട്ടിനുമുമ്പ് ........ 326
18. ഭാഷാദ്ധ്യയനപരിഷ്കരണക്കമ്മിറ്റി ........ 329
19. രാജകീയ കലാലയത്തിലേക്ക് ........ 331
20. ധീരതേജസ്സായ 'നാളെ' ........ 334
21. തലശ്ശേരി പരിഷത്തിലെ ചേരിതിരിവ് ........ 338
22. ഊമക്കത്തും ഉപജാപങ്ങളും ........ 343
23. സെന്റ് തോമസ് കോളജിൽ ഒരു സാഹിത്യപരിഷത്ത് ........ 350
24. സാഹിത്യപരിചയവും സൂര്യകാന്തിയും ........ 352
25. സാഗരസംഗീതം ........ 355
26. സന്ധ്യ ........ 359
27. വെട്ടിക്കുറച്ച ശമ്പളം ........ 361
28. രാഷ്ട്രീയതാത്പര്യവും ഒരു എക്സ്റ്റൻഷൻ ലക്ചറും ........ 364
29. വള്ളത്തോളിന്റെ ഷഷ്ടിപൂർത്തിയും സുവനീറും ........ 368
30. പാരസികസാഹിത്യ പരിമളം ........ 369
31. പൊൻകുന്നം വർക്കി ........ 371
32. മേഘച്ഛായ ........ 372
33. പാലക്കാട്ടു പരിഷത്തും ജീവത്സാഹിത്യ സമ്മേളനവും ........ 375
34. ഷൊർണ്ണൂർ പുരോഗമന സാഹിത്യസമ്മേളനം ........ 377
35. മുണ്ടശ്ശേരിയുടെ അവതാരിക ........ 379
36. കോട്ടയം പുരോഗമന സാഹിത്യസമ്മേളനം ........ 380
37. മംഗളോദയത്തിൽനിന്നു രാജി ........ 383
38. തിരിച്ചുവന്ന ഹൃൽസ്പന്ദം ........ 384
39. ടെക്സ്റ്റ്ബുക്ക് കച്ചവടം ........ 385
40. സാഹിത്യപരിഷത്തിനു പുതിയ ജീവൻ ........ 386
41. വേദനിപ്പിക്കുന്ന സത്യത്തിന്റെ തരികൾ ........ 393
42. ഒറ്റപ്പാലം പരിഷത്ത് ........ 400
43. ഫാസിസത്തിനും സാമ്രാജ്യവാദത്തിനും എതിരേ ........ 402
44. നിമിഷം ........ 410
45. ചങ്ങമ്പുഴയുടെ സൗഹാർദ്ദം ........ 414
46. മധുരമായ വ്യക്തിസ്വപ്നവും ഉജ്ജ്വലമായ രാഷ്ട്രയാഥാർത്ഥ്യവും ........ 419
47. വിടവാങ്ങുമ്പോൾ ........ 429
48. ആ പേന ........ 436
49. അഭിമാനപ്രശ്നമായ ഒരു പ്രൊഫസർ പദവി ........ 441
50. ദില്ലിയിലെ ദേശീയകവിസമ്മേളനം ........ 445
51. ആകാശവാണിയിലെ ഔദ്യോഗികനാളുകൾ ........ 458
പദസൂചി ........ 475

# 1. നാടും കൂടും

ആന്തരവും ബാഹ്യവുമായ കർമ്മത്തിന്റെ അനുസ്യൂത വികാസമാണ്, ജീവിതം. അനാദ്യന്തമായ അതിന്റെ പ്രവാഹത്തിൽ കുറെനേരം കുറെ നേരം നീന്തുക. കാലത്തിന്റെ തടത്തിൽ വല്ല ദിക്കിലും നിശ്ചലമായടിയുക, മണ്ണാവുക. ഇതാണ് വ്യക്തിയുടെ കഥ. അതുകൊണ്ടു നിരർത്ഥമാണു വ്യക്തിജീവിതമെന്നല്ല. അതിന്റെയും സംഭാവനയുണ്ട് വികാസചലനങ്ങൾക്ക്. ജീവിതത്തിന്റെ ശക്തിമത്തായ ഒഴുക്കു ചിലപ്പോൾ അടിയിലായിരിക്കും; ചിലപ്പോൾ മുകളിൽ. ചില സന്ദർഭങ്ങളിൽ പെരും ചുഴികളിൽപ്പെട്ടു ചുറ്റിച്ചുറ്റി ഒരു വിഷമവൃത്തത്തിലായെന്നുവരാം. അനുകൂലമായിത്തോന്നാം ചിലർക്കൊഴുക്ക്; അനായാസമായിത്തീരും അപ്പോൾ ഗതി. അനുകൂലമായ ഒഴുക്കും താൻ വിചാരിക്കാത്ത വേഗത്തിലും വിധത്തിലും തന്നെ നയിച്ചെന്നും ലക്ഷ്യത്തിൽനിന്നു വ്യതിചലിപ്പിച്ചെന്നും വരാം. ഒഴുക്കിനെ തന്റെ ഇച്ഛയ്ക്കും സ്വന്തം ലക്ഷ്യത്തിനും അനുരോധമായി ഉപയോഗപ്പെടുത്താൻ കഴിയുമ്പോൾ പൗരുഷം ജയിക്കുന്നു; കഴിയാതെപോവുമ്പോൾ വിധിയാണു വിജയി. പരിസരം, പാരമ്പര്യം, പൗരുഷം, കർമ്മങ്ങളുടെ കാര്യകാരണരൂപമായ ബന്ധം, ഇവയുടെ സമവായമാണ് വിധിയെന്നു തോന്നുന്നു. രാഷ്ട്രത്തിന്റെയായാലും വ്യക്തിയുടെയായാലും ആരംഭംമുതൽ ചിലർക്കു പ്രവാഹത്തിനെതിരായിട്ടാണ് തുഴയേണ്ടിവരിക. അവരുടെ വിജയം പൗരുഷത്തിന്റെ അജയ്യതയ്ക്കു നിദർശനമായിട്ടാണ് പ്രശംസിക്കപ്പെടുക. അവരുടെ പരാജയം നല്ല ലക്ഷ്യത്തിലേക്കു തുടിച്ചുകൊണ്ടാണെങ്കിൽ, അങ്ങനെയല്ലാത്ത ഗതിയിലുള്ള വിജയത്തെക്കാൾ ശ്ലാഘനീയമാണ്. ഒഴുക്ക് എതിരായിരിക്കുമ്പോഴും അനുകൂലമായിരിക്കുമ്പോഴും അത് ഇച്ഛാനുരോധമായി പരിണമിക്കാനോ, പരിണമിപ്പിക്കാനോ കാരണമായ എന്തോ ഒരു ശക്തി, ഏതോ ഒരു തുഴ, എനിക്കു മിക്കപ്പോഴും അധീനമായിരുന്നിട്ടുണ്ട്. എന്താണതിനു പേരിടേണ്ടതെന്ന് എനിക്കറിഞ്ഞുകൂടാ. ഞാൻ കടന്ന നീണ്ട എഴുപത്തൊന്നു സംവത്സരത്തിനിടയ്ക്ക് എന്നെ ഒരിക്കലും നൈരാശ്യം ഗ്രസിച്ചിട്ടില്ല. പലതിലും തട്ടിയും തടഞ്ഞും ഉലഞ്ഞും അലഞ്ഞും മുൻപോട്ടുള്ള അവിശ്രമഗതി, വികാസചലനം തിരിഞ്ഞുനോക്കുമ്പോൾ കൗതുകകരംതന്നെ.

എന്റെ ജീവിതത്തിലെ ഏറ്റവും ഭാഗ്യപൂർണ്ണമായ സ്മരണീയദിവസം 1901 ജൂൺ 3 (1076 ഇടവം 22) ആണെന്നു തോന്നുന്നു. മനുഷ്യജന്മം എന്ന മഹാനുഗ്രഹം അന്നത്തെ പ്രഭാതമാണല്ലോ എനിക്കു തന്നത്.